(ബി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളിൽനിന്നും സർവ്വീസ് വെരിഫിക്കേഷൻ സമയത്ത് 1000 രൂപ ഈടാക്കുവാൻ പി.എസ്.സി. തീരുമാനമെടുത്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് 4,92,00,000 രൂപയാണ് ആകെ കടിശ്ശിക ഉണ്ടായിരുന്നത്. സർക്കാർ പി.എസ്.സി.ക്ക് അധികമായി അനുവദിച്ച തുകയിൽനിന്നും മൂന്ന് കോടി രൂപ ടി കടിശ്ശിക തീർക്കുന്നതിനായി വിനിയോഗിച്ചിട്ടുണ്ട്. നിലവിൽ 1,92,00,000 രൂപ ഈയിനത്തിൽ കടിശ്ശിക ഉണ്ട്.

(ഇ) കമ്മീഷനിലെ നാല് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പത്തിക അവലോകന കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊണ്ടുവരുന്നു.

പി.എസ്.സി. നിയമനം

35 (40) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി 18-5-2011 മുതൽ 31-10-2015 വരെ 1,39,192 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി ആകെ 1,65,408 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

പി.എസ്.സി.-ക്ക് മെട്രോ നഗരങ്ങളിൽ പരീക്ഷാകേന്ദ്രം

36 (41) ശ്രീ. ടി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ നിയമസഭയുടെ പ്രവാസി മലയാളി ക്ഷേമം സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇന്ത്യയിലെ മെട്രോ നഗരങ്ങളിലുടനീളം പി.എസ്.സി.യുടെ പരീക്ഷകൾ നടത്തുന്നതിന് സംവിധാനമൊരുക്കുന്നതിനായി ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് പി.എസ്.സി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly